LIBRARY ARCHIVES Kerala Legislative Assembly

## വീടുകൾ കേന്ദ്രീകരിച്ചുള്ള കുറ്റകൃത്യങ്ങൾ

213 (2085) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പകൽ സമയത്തുപോലും സ്വന്തം വീടുകളിൽ നിർഭയം ജീവിക്കാൻ കഴിയാത്ത അവസ്ഥ സംസ്ഥാനത്ത് നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വീടുകൾ കേന്ദ്രീകരിച്ചുള്ള ആക്രമണങ്ങൾക്കും, മോഷണങ്ങൾക്കും അനാശാസ്യ പ്രവർത്തനങ്ങൾക്കും വിധേയരായി എത്ര പേർ മരണപ്പെട്ടിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഇതിൽ എത്ര കേസ്സുകളിൽ പ്രതികളെ കണ്ടെത്തിയിട്ടുണ്ട് ; എത്ര കേസ്സുകളിൽ കണ്ടെത്തുവാനുണ്ട് ; വിശദമാക്കുമോ ;

(ഡി) ഇത്തരക്കാരുടെ ആക്രമണത്തിന് വിധേയരായി മരണപ്പെട്ടവരുടെ കുടുംബത്തിന് എന്തൊക്കെ ആശ്വാസ /ധനസഹായം ലഭ്യമാക്കിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ഇ) ഇത്തരം പ്രവൃത്തികളിൽ പങ്കെടുത്ത് പ്രതികളായ ആഭ്യന്തര വകുപ്പിന് കീഴിലെ ഉദ്യോഗസ്ഥർ ആരെല്ലാം ; ഇവർക്കെതിരെ കർശനമായ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വീടുകൾ കേന്ദ്രീകരിച്ചുള്ള ആക്രമണങ്ങൾക്കും, മോഷണങ്ങൾക്കും അനാശാസ്യ പ്രവർത്തനങ്ങൾക്കും വിധേയരായി 67 പേർ മരണപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഇതിൽ 61 കേസ്സുകളിലെ പ്രതികളെ കണ്ടെത്തി. 2 കേസ്സുകളിൽ ഇനിയും പ്രതികളെ കണ്ടെത്താനുണ്ട്.

(ഡി&ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## അങ്കമാലി, കാലടി, നെടുമ്പാശ്ശേരി സർക്കിൾ സ്റ്റേഷനുകളുടെ കീഴിലെ വാഹന അപകടങ്ങളും ട്രാഫിക് കുറ്റകൃത്യങ്ങളും സംബന്ധിച്ച കണക്ക്*

214 (2086) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-2014 കാലയളവിൽ IPC 279, 337, 338, 304(a) ഉടങ്ങിയ വിവിധ വകുപ്പുകൾ പ്രകാരം എത്ര വാഹന അപകടങ്ങളും മറ്റ് ട്രാഫിക് കുറ്റകൃത്യങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വാഹനാപകടങ്ങളുടെയും ട്രാഫിക് കുറ്റകൃത്യങ്ങളുടെയും ബാഹുല്യവും വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്കും കണക്കിലെടുത്ത് അനുകൂല റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിട്ടും എം.സി. റോഡും ദേശീയപാതയും സംഗമിക്കുന്ന അങ്കമാലിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് ഇനിയും പൂർത്തീകരിക്കുവാനുള്ളതെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത സ്റ്റേഷൻ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) പുതിയ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ഉദ്യോഗസ്ഥരുടെ തസ്തിക സൃഷ്ടിക്കുകയും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ നൽകുകയും ചെയ്യേണ്ടതുണ്ട്. ഇത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതായതിനാൽ ഈ സാമ്പത്തിക വർഷം പരിഗണിക്കാൻ നിർവ്വാഹമില്ല. പുതിയതായി തുടങ്ങേണ്ടുന്ന പോലീസ് സ്റ്റേഷനുകളുടേയും ട്രാഫിക് പോലീസ് സ്റ്റേഷനുകളുടേയും മറ്റും മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുവാൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ ഏൽപ്പിച്ചിരിക്കുകയാണ്. പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അങ്കമാലിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ തുടങ്ങുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## ജനമൈത്രി സുരക്ഷ പദ്ധതി സംബന്ധിച്ച് സെമിനാർ

215 (2087) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനമൈത്രി സുരക്ഷ പദ്ധതിയുടെ ഭാഗമായി നിയമ വിരുദ്ധമായി അമിത പലിശയ്ക്ക് പണം നൽകുന്നവരെ നേരിടുന്നതിനെ സംബന്ധിച്ച് സെമിനാർ സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സെമിനാറിൽ ചർച്ച ചെയ്യപ്പെട്ടത് എന്തെല്ലാം വിഷയങ്ങളാണ് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly